സത്യവിശ്വാസത്തിന്റെ സോപാനത്തിൽ-4

# സ്രഷ്ടാവിൽനിന്ന് മുഖംതിരിക്കുന്ന ദർശനങ്ങൾ

ലേഖനം ● മുനാ പണിക്കർ

ആത്മാവ് ബ്രഹ്മമാണ്. ഞാനും ബ്രഹ്മമാണ്. നീയും അതുതന്നെ. ഇവിടെ എല്ലാം ബ്രഹ്മമാക്കി. ഏകദൈവ ദർശനത്തിന്റെ പ്രകാശത്തെ മറച്ചുപിടിക്കുന്ന സിദ്ധാന്തം യഥാർഥ വിശ്വാസത്തിലേക്കുള്ള പാതയിൽനിന്ന് വ്യതിചലിപ്പിക്കുകയാണ് ചെയ്തത്. എല്ലാ സൃഷ്ടിയുടെയും കാര്യകാരണം ബ്രഹ്മമാണ്. എന്നാൽ സൃഷ്ടികൾ ബ്രഹ്മമല്ലെന്നു പറയാൻ ശ്രമിക്കാതെ വ്യത്യസ്തമായ സമീപന രീതി സ്വീകരിക്കുകയാണ് ചെയ്തത്.

**ഏകദൈവാരാധകർ** മാത്രമേ ദൈവസാമീപ്യം പ്രാപിക്കുന്നുള്ളൂ എന്നും, പരദൈവങ്ങളെ ആരാധിക്കുന്നവർ അന്ത്യത്തിൽ അവരുടെ കൂട്ടത്തിലേക്കു തന്നെ പോകുന്നു എന്നും ഗീത അസന്ദിഗ്ധമായി പറയുന്നു:

"അന്തവത്തു ഫലം തേഷാം
തദ്ഭവതല്പ മേധസാം
ദേവൻ ദേവയതോ യാന്തി
മദ് ഭക്തായാന്തി മാ മപി."

സാരം: "അൽപ ബുദ്ധികളായ അവർക്കുള്ള ഫലം എന്നാൽ നശിച്ചു പോകുന്നതാണ്. ദേവാരാധകർ ദേവന്മാരെ പ്രാപിക്കുന്നു. എന്റെ ഭക്തന്മാർ എന്നെയും പ്രാപിക്കുന്നു."

പരമ സത്യമായ പരബ്രഹ്മത്തെ ആരാധിച്ചവർ അവനിലേക്ക് മടങ്ങുന്നു. അവിടെ മോക്ഷപ്രാപ്തിയുണ്ട്. അതേ ഗീത തന്നെ വിഗ്രഹാരാധനയെ പ്രോത്സാഹിപ്പിക്കുന്നു. അവതാര സങ്കൽപത്തെക്കുറിച്ച് ഗീത പറയുന്നു:

"യദാ യദാഹി ധർമസ്യ
ഗ്ലാനിർ ഭവതി ഭാരത
അഭ്യുത്ഥാന മധർമസ്യ
തദാത്മാനം സൃജാമ്യഹം."
(ജ്ഞാനയോഗം)

സാരം: "ഭാരത! എപ്പോഴെപ്പോൾ ധർമത്തിന് തളർച്ചയും അധർമത്തിന് ഉയർച്ചയും സംഭവിക്കുന്നുവോ, അപ്പോഴെല്ലാം ഞാൻ സ്വയം അവതരിക്കുന്നു." ഇവിടെ അവതരിപ്പിക്കുന്നു എന്നായിരുന്നു പറഞ്ഞതെങ്കിൽ ലോകത്തെ അധർമത്തിൽനിന്നും മോചിപ്പിക്കാനായി പ്രവാചകന്മാരെ വേദ ദൂതുമായി അയക്കുന്നതിനെ ഈ ശ്ലോകം സൂചിപ്പിക്കുമായിരുന്നു.

"പവിത്രാണാം സാധൂനാം
വിനാശയഃ ച ദുഷ്കൃതാം
ധർമ സംസ്ഥാപനാർത്ഥായ
സംഭവാമി യുഗേ യുഗേ."

സാരം: "സജ്ജന സംരക്ഷണത്തിനും ദുഷ്ട നിഗ്രഹത്തിനും ധർമസംസ്ഥാപനത്തിനും വേണ്ടി യുഗംതോറും ഞാൻ ജനിക്കുന്നു." (ഈ ജനനം ദൈവത്തിന്റേതോ, അതോ ദൂതന്മാരുടേതോ?) പ്രവാചകന്മാരെ അല്ലാഹു അയക്കുന്നത് ധർമ സംസ്ഥാപനത്തിനാണ്.

"ജന്മ കർമ്മ ച മേ ദിവ്യ-
മേവ യേ വേത്തി തത്ത്വതഃ

തൃക്താ ദേഹം പുനർജന്മ
നൈതി മാ മേതി സോർജ്ജുനാ!”

“ഇങ്ങനെയുള്ള എന്റെ ദിവ്യമായ ജന്മവും കർമ്മവും ഉള്ളവണ്ണം ആർ അറിയുന്നുവോ അവർ മെയ് വിട്ടാൽ പുനർജന്മം പ്രാപിക്കുന്നില്ല അർജ്ജുനാ! എന്നെ തന്നെ പ്രാപിക്കുന്നു.”

മോക്ഷപ്രാപ്തി നേടിയ ഭക്തന്മാർക്കു പുനർജന്മമില്ലെന്നും ദൈവത്തിന് പുനർജന്മമുണ്ടെന്നും – ആശ്ചര്യം തന്നെ!!

ന്യായ ദർശനത്തിൽ: ശരിയായ ജ്ഞാനത്തിലൂടെ മാത്രമേ യാഥാർഥ്യം അറിയാൻ കഴിയൂ. ശരിയായ അറിവ് തന്റെ സ്രഷ്ടാവിനെ അറിയുകയാണ് എന്ന യാഥാർഥ്യത്തിൽനിന്നു മുഖം തിരിക്കുന്ന ന്യായദർശനം മറ്റൊരു വ്യാഖ്യാനമാണതിനു നൽകുന്നത്. ലൗകികമായ ദുഃഖങ്ങളെ തരണം ചെയ്തുകൊണ്ട് നിഃശ്രേയസം എന്ന പരിപൂർണതയിലെത്തിച്ചേരുകയാണത്രെ മനുഷ്യന്റെ പരമമായ ലക്ഷ്യം. പദാർഥങ്ങളുടെ ശരിയായ സ്വഭാവ വിശേഷങ്ങൾ മനസ്സിലാക്കിയാൽ മാത്രമേ പരമമായ പരിപൂർണത കൈവരിക്കാൻ കഴിയൂ. ഈ ന്യായദർശനം മൂക്കിൽ തൊടുന്നതിനു മൂന്നു വലത്തു വെക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. എല്ലാ പദാർഥങ്ങളുടെയും സ്രഷ്ടാവിലേക്ക് നയിക്കുന്നതിനു പകരം മനുഷ്യനെ പദാർഥത്തിലേക്കു നയിക്കുകയാണത്.

സാംഖ്യദർശനം: ഒരു മാർഗം തേടലാണ് ഇവിടെ നടക്കുന്നത്. അല്ലാതെ പ്രതിനിധിയല്ല. എല്ലാത്തരം ദുഃഖങ്ങളെയും പീഡകളെയും വേദനകളെയും ഉന്മൂലനം ചെയ്യാൻ പറ്റിയ മാർഗം കണ്ടുപിടിക്കലാണ് സാംഖ്യദർശനത്തിന്റെ ലക്ഷ്യം.

ഉപനിഷത്തുകൾ നൽകുന്നതാവട്ടെ വൈരുധ്യം നിറഞ്ഞ വീക്ഷണങ്ങളാണ്.

ബ്രഹ്മസൂത്രത്തിൽ “അഥാതോ ബ്രഹ്മഃജിജ്ഞാസാഃ”, ബ്രഹ്മത്തെ അറിയാനുള്ള ആഗ്രഹമാണ് നടക്കുന്നത്. ഈ ദർശന പ്രകാരം പ്രപഞ്ചത്തിന്റെ മൂലകാരണം പ്രപഞ്ചാതീതമായ ബ്രഹ്മമെന്ന ചൈതന്യമാണെന്നാണു താനും.

ശ്രീ ശങ്കരാചാര്യരുടെ അദ്വൈത വേദാന്തത്തിൽ പറയുന്നത് “ബ്രഹ്മ സത്യം ജഗം മിഥ്യാ, ജീവോ ബ്രഹ്മനാപതഃ”

സാരം: “ബ്രഹ്മമാണ് സത്യം, ജഗത്ത് മിഥ്യയാണ്. ജീവൻ തന്നെയാണ് ബ്രഹ്മം മറ്റൊന്നുമല്ല.” ഉപനിഷത്തിൽ ബ്രഹ്മത്തെപ്പറ്റി പറയുന്നത്, “ജന്മാദ്യസ്യയതഃ” ജന്മാദികൾ ഏതൊന്നിൽ നിന്നാണോ അതാണ് ബ്രഹ്മം എന്നാണ്. ശ്രീ ശങ്കരാചാര്യരുടെ ബ്രഹ്മസൂത്രഭാഷ്യത്തിൽ പറയുന്നു: “ജഗത്തിന്റെ ഉത്പത്തി സ്ഥിതിലയങ്ങൾ സർവജ്ഞവും സർവശക്തവുമായ യാതൊരു കാരണത്തിൽ നിന്ന് ഉളവാകുന്നുവോ അതാണ് ബ്രഹ്മം.” അനാദിയും അനശ്വരനുമായ ബ്രഹ്മം മാത്രമാണ് യാഥാർഥ്യം എന്നും, ജഗത് അഥവാ പ്രപഞ്ചം മിഥ്യയാണെന്നും വാദിച്ച ശ്രീ ശങ്കരൻ തന്റെ മറ്റൊരു വാദമുഖത്തിൽ പറയുന്നത് വ്യത്യസ്തവുമാണ്. “ബ്രഹ്മൈവേദം വിശ്വം സമസ്തം ഇദം ജഗത്” സാരം – പ്രപഞ്ചമാകെ, പ്രപഞ്ചത്തിൽ എന്തെല്ലാം നിലനിൽക്കുന്നുണ്ടോ അതെല്ലാം ബ്രഹ്മമാണ്. പിന്നെയും അദ്ദേഹം പറയുന്നു: “ആത്മാചാ അഹം ബ്രഹ്മാസ്മി, തത്ത്വമസി.” – ആത്മാവ് ബ്രഹ്മമാണ്. ഞാനും ബ്രഹ്മമാണ്. നീയും അതുതന്നെ. ഇവിടെ എല്ലാം ബ്രഹ്മമാക്കി. ഏകദൈവ ദർശനത്തിന്റെ പ്രകാശത്തെ മറച്ചുപിടിക്കുന്ന സിദ്ധാന്തം യഥാർഥ വിശ്വാസത്തിലേക്കുള്ള പാതയിൽനിന്ന് വ്യതിചലിപ്പിക്കുകയാണ് ചെയ്തത്. എല്ലാ സൃഷ്ടിയുടെയും കാര്യകാരണം ബ്രഹ്മമാണ്. എന്നാൽ സൃഷ്ടികൾ ബ്രഹ്മമല്ലെന്നു പറയാൻ ശ്രമിക്കാതെ വ്യത്യസ്തമായ സമീപന രീതി സ്വീകരിക്കുകയാണ് ചെയ്തത്. ശങ്കര സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ മനുഷ്യരും ആത്മസാക്ഷാത്കാരത്തിന് യോഗ്യരാണെന്നു പറയുമ്പോൾ തന്നെ, ബ്രഹ്മസൂത്ര വചനം വ്യാഖ്യാനിച്ചു കൊണ്ട് അദ്ദേഹം എഴുതി “അതുകൊണ്ടു ശൂദ്രന് ബ്രഹ്മജ്ഞാനത്തിന് അധികാരമില്ല.” എവിടെയും വൈരുധ്യം! ഭാരതീയ ദർശനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരാനും കഴിഞ്ഞിട്ടില്ല. ഇത് സത്യവിശ്വാസത്തിന്റെ പരിശുദ്ധിയിൽ പിറന്നുവീഴുന്ന ശിശുക്കളെ അവിശ്വാസത്തിന്റെ ഇരുട്ടറകളിലേക്കും സംശയത്തിന്റെ ഊരാക്കുടുക്കുകളിലേക്കും നയിക്കുന്നു.

വേദങ്ങളോ ഉപനിഷത്തുകളോ പുരാണങ്ങളോ ഒന്നുംതന്നെ മനുഷ്യന് സമ്പൂർണമായ ജീവിത പദ്ധതി നിർദേശിക്കുന്നില്ല.

## വായിക്കുക സ്രഷ്ടാവായ വിധാതാവിന്റെ നാമത്തിൽ

സത്യവും സ്വച്ഛവും സുന്ദരവും സമ്പൂർണവുമായ ഒരു ജീവിത വ്യവസ്ഥ ഈ ലോകത്തിനാകമാനം സമ്മാനിച്ച, സ്രഷ്ടാവിലുള്ള ശക്തമായ വിശ്വാസം അടിത്തറയാക്കിയ എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്ത സത്യമതത്തിന്റെ പ്രഭ 1400 വർഷത്തിന് മുമ്പ് അറേബ്യൻ മണലാരണ്യത്തിൽ മക്കയിലെ ‘ഹിറാ’ ഗുഹയിൽ മുഴങ്ങി. “വായിക്കുക! നിന്നെ സൃഷ്ടിച്ച നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക.” ഹിറാഗുഹയിൽനിന്നും ജ്വലിച്ച ആ പ്രകാശധോരണി ലോകം മുഴുവൻ വ്യാപിച്ചു. അന്ധകാരത്തിന്റെ ആഴം അറിയാത്ത കടൽ കയത്തിൽനിന്നും മാനവതയെ രക്ഷിച്ച പ്രകാശം! ശുദ്ധമായ, നൈസർഗികമായ പ്രകൃതിമതം, സമ്പൂർണ ജീവിത വ്യവസ്ഥ– ‘ഇസ്‌ലാം.’ സ്രഷ്ടാവാരെന്നും സൃഷ്ടികൾ ആരാണെന്നും സൃഷ്ടിക്ക് സ്രഷ്ടാവിനോടുള്ള ബന്ധം, അവകാശം, വിശ്വാസം, മതം, തത്ത്വം, ശാസ്ത്രം, സമ്പൂർണ കർമസരണി – നശ്വരമായ ഭൗതിക ജീവിതത്തെ അനശ്വരമായ അഭൗതിക ജീവിതവുമായി കൂട്ടിയിണക്കിയ മതം. ശരീരത്തെ മനസ്സുമായും മനസ്സിനെ ഹൃദയവുമായും ആത്മാവുമായും ബന്ധിപ്പിച്ച മതം. അതിന്റെ മൊത്തം അർഥ സാക്ഷാത്കാരമായി നിന്ന അന്ത്യ പ്രവാചകൻ. പ്രപഞ്ചത്തെ പാഠശാലയാക്കി, വിളഭൂമിയാക്കി, വീടാക്കി, പാർപ്പിടമാക്കി. മനുഷ്യനെ മനുഷ്യനോടും, മറ്റു ചരാചരങ്ങളോടും ബന്ധിപ്പിച്ച മതം. വിശ്വാസത്തിലും ആരാധനയിലും ഉള്ള ഏകത്വവും മാനുഷിക സമത്വവും പ്രാവർത്തികമാക്കിയ മതം. പ്രപഞ്ച ദൃഷ്ടാന്തങ്ങളെ ഗവേഷണശാലയാക്കി. ജീവിതത്തിന്റെ എല്ലാ തുറകളിലും ആവശ്യമായതും അവൻ നേരിടുന്നതും നേരി

മർദിതന്റെ വിലാപം ലോകത്തെ അറിയിച്ച മതമാണ് ഇസ്‌ലാം. അടിമ തന്റെ യഥാർഥ ഉടമയെ കണ്ടെത്തുകയും തന്റെ ജീവിതം അവന്നുമാത്രം സമർപ്പിക്കുകയും ചെയ്യുമ്പോൾ മർദിതനും മർദകനുമില്ല. ഉള്ളവനും ഇല്ലാത്തവനുമില്ല. അടിമയും ഉടമയും തമ്മിൽ ഇണങ്ങാതെ, അംഗീകരിക്കാതെ, മനസ്സിലാകാതെ, സമർപ്പണവും അനുസരണവുമില്ലാതെ അടിമ ഉടമ ബന്ധത്തിൽ സമാധാനമില്ല.

ടാൻ സാധ്യതയുള്ളതുമായ എല്ലാ അവസ്ഥകളെയും യഥാതഥമായി വിശദീകരിക്കുന്ന ധർമദർശനം. എല്ലാ ശാസ്ത്രങ്ങളെയും അത് സ്പർശിച്ചിരിക്കുന്നു. സാധാരണക്കാരന് അത് ഋജുവും സരളവുമായ ജീവിത സരണി കാണിച്ചുകൊടുക്കുന്നു. ദാർശനികന്മാരെ ഉണ്മയുടെ അഗാധമായ പൊരുളുകളിലേക്കു നയിക്കുന്നു. ശാസ്ത്രജ്ഞന്മാർക്ക് ഗവേഷണം നടത്താനും വിദ്യാർഥികൾക്കു പഠിക്കാനും വേണ്ട പ്രമേയങ്ങളും സൂചനകളും അതിൽ നിറഞ്ഞു നിൽക്കുന്നു. ഓരോ വ്യവസ്ഥകൾക്കും അതിന്റേതായ സമ്പൂർണതയുണ്ട്. മനോഹാരിതയുമുണ്ട്. ഒരുമിച്ചുനിൽക്കുമ്പോൾ ഭൂമിയുടെ ഉള്ളടരുകൾ മുതൽ സ്വർഗത്തിന്റെ സീമന്തവും പിന്നിട്ട് അർശിലേക്കെത്തുന്നു.

മർദിതന്റെ വിലാപം ലോകത്തെ അറിയിച്ച മതമാണ് ഇസ്‌ലാം. അടിമ തന്റെ യഥാർഥ ഉടമയെ കണ്ടെത്തുകയും തന്റെ ജീവിതം അവന്നുമാത്രം സമർപ്പിക്കുകയും ചെയ്യുമ്പോൾ മർദിതനും മർദകനുമില്ല. ഉള്ളവനും ഇല്ലാത്തവനുമില്ല. അടിമയും ഉടമയും തമ്മിൽ ഇണങ്ങാതെ, അംഗീകരിക്കാതെ, മനസ്സിലാകാതെ, സമർപ്പണവും അനുസരണവുമില്ലാതെ അടിമ ഉടമ ബന്ധത്തിൽ സമാധാനമില്ല.

സ്രഷ്ടാവില്ലാതെ സൃഷ്ടി ഉണ്ടാകുന്നില്ല. സൃഷ്ടിയില്ലാതെ വ്യവസ്ഥയുടെ ആവശ്യം വരുന്നില്ല.

ആരാണ് സ്രഷ്ടാവ്? "അല്ലാഹു" – ആരാധിക്കപ്പെടാൻ അർഹനായവൻ – ഏകൻ അല്ലാഹു എന്ന പരിശുദ്ധ നാമത്തിനെ ലിംഗ വ്യത്യാസം ബാധിക്കുന്നില്ല. അതിനു തുല്യമായി മറ്റൊരു പദവും ഇല്ല. ഇതുതന്നെയാണ് ഈ വിശുദ്ധ നാമത്തിന്റെ ശ്രേഷ്ഠതയും.

അല്ലാഹുവിന്റെ ഏകത്വം: "പറയുക! അല്ലാഹു ഏകനാണ് – ഏവർക്കും ആശ്രയമായിട്ടുള്ളവൻ. ആർക്കും ജന്മം നൽകിയിട്ടില്ല. അവൻ ആരാലും ജനിപ്പിക്കപ്പെടാത്തവൻ. തുല്യനായി ആരും ഇല്ലാത്തവൻ" (ഖുർആൻ 112:1–5).

സൃഷ്ടികർത്താവ്: "പറയുക! അവനാണ് നിങ്ങളെ ഭൂമിയിൽ സൃഷ്ടിച്ചു വളർത്തിയവൻ. അവനിലേക്കാണ് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുന്നത്" (67:24).

രക്ഷാധികാരി: "അല്ലാഹു ആകുന്നു നിങ്ങളുടെ രക്ഷാധികാരി. അവനാകുന്നു സഹായികളിൽ ഉത്തമൻ" (3:150).

ഭരം ഏൽപിക്കേണ്ടത് അവനിലേക്കാണ്: "ഉദയ സ്ഥാനത്തിന്റെയും അസ്തമയസ്ഥാനത്തിന്റെയും രക്ഷിതാവാകുന്നു അവൻ. അതിനാൽ ഭരം ഏൽപിക്കേണ്ടവനായി അവനെ സ്വീകരിക്കുക" (73:9).

കണ്ഠനാളത്തേക്കാളും സമീപസ്ഥൻ: "തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു. അവന്റെ മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കുന്നത് നാം അറിയുന്നു. നാം (അവന്റെ) കണ്ഠനാഡിയേക്കാളും അവനോട് അടുത്തവനാകുന്നു" (50:16).

അവന്റെ മഹത്വം അവർണനീയം: "പറയുക! സമുദ്രജലം എന്റെ രക്ഷിതാവിന്റെ വചനങ്ങൾ എഴുതാനുള്ള മഷിയായിരുന്നുവെങ്കിൽ എന്റെ രക്ഷിതാവിന്റെ വചനങ്ങൾ തീരുന്നതിനു മുമ്പായി സമുദ്രജലം തീർന്നുപോകുക തന്നെ ചെയ്യുമായിരുന്നു. അതുപോലെ മറ്റൊരു സമുദ്രം കൂടി നാം കൊണ്ടുവന്നു പോഷിപ്പിച്ചാലും ശരി" (18:109).

ജനിമൃതികൾക്കുടയവൻ: "അല്ലാഹു ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനുമത്രെ" (3:156).

ആർക്കും പറഞ്ഞു തീർക്കാൻ കഴിയാത്തത്ര വിശാലമാണ് അവന്റെ ഗുണങ്ങൾ "വിശിഷ്ട ഗുണങ്ങളൊക്കെയും അവന്നുള്ളതാകുന്നു" (59:24). യാതൊരു വിധ സംശയത്തിനോ ദുരൂഹതക്കോ ഇടം നൽകാതെ സത്യമായി സ്രഷ്ടാവ് ആരാണെന്ന്, അവൻ സ്രഷ്ടാവ് മാത്രമല്ല, സംരക്ഷണം നൽകുന്നവനും മരിപ്പിക്കുകയും ജീവിപ്പിക്കുകയും ചെയ്യുന്നവനും ആണെന്ന് വ്യക്തമായി പറയുന്നു. മനസ്സിനെ സന്ദേഹസാഗരങ്ങളിലേക്ക് തള്ളിവിടാതെ സ്രഷ്ടാവ് ആരാണെന്ന് ഏതു പാമരനും അനായാസം ഗ്രഹിക്കാവുന്നവണ്ണം ഖുർആൻ ഖണ്ഡിതമായും ലളിതമായും പറഞ്ഞു തരുന്നു.

*വിണ്ണിനെയും മണ്ണിനെയും കൂട്ടിയിണക്കിയ മതം:* ഭൗതികവും അഭൗതികവുമായ സകലതും സൃഷ്ടിച്ചു പരിപാലിക്കുന്ന ഏകനായ വിധാതാവിനെ മാത്രമേ ആരാധിക്കാവൂ, അവനു മാത്രമേ അടിമപ്പെടാവൂ എന്നതാണ് ഇസ്‌ലാമിക ജീവിത ദർശനത്തിന്റെ അടിത്തറ. സചേതനവും അചേതനവും ഗോചരവും അഗോചരവുമായ സർവ പ്രാപഞ്ചിക പ്രതിഭാസങ്ങളും അറിഞ്ഞും അറിയാതെയും അല്ലാഹുവിന്റെ നിയമത്തിനു വിധേയമായി വർത്തിക്കുന്നു. ഭൂമിയെയും വാനലോകത്തെയും കൂട്ടിയിണക്കിയ മതം. ഇഹലോകത്തെ പരലോകവുമായി ഇണക്കിച്ചേർത്ത മതം. കരുണയും ലാളനവും സാന്ത്വനവും സ്നേഹവും വേണ്ടുവോളം കോരിത്തരുന്ന മതം. നീതിയുടെ, സത്യത്തിന്റെ ധർമത്തിന്റെ ഈ ദർശനം മനുഷ്യനെ നിറത്തിന്റെയോ ഗോത്രത്തിന്റെയോ ഭാഷയുടെയോ പണത്തിന്റെയോ പേരിൽ വേർതിരിക്കുന്നില്ല. "നിങ്ങളുടെ സമുദായം ഒരൊറ്റ സമുദായമാണ്" (23:52). ഇതാണ് അല്ലാഹുവിങ്കൽ സ്വീകാര്യമായ ഏക മതം. "അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാം ആകുന്നു" (3:19).

"അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റുവല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്. (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലുമുള്ളവയെല്ലാം അനുസരണത്തോടെയോ നിർബന്ധിതമായോ അവന് കീഴ്പ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നത്. ഇസ്‌ലാം (അല്ലാഹുവിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽനിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും" (3:85).

ആദിമ മനുഷ്യൻ മുതൽ അല്ലാഹു നൽകിയ മാർഗദർശനത്തിന്റെ കാതൽ ഇസ്‌ലാം തന്നെയാണ്.

"പിന്നെ നാം പറഞ്ഞു, നിങ്ങൾ എല്ലാ പേരും ഇവിടെ നിന്നും ഇറങ്ങിക്കൊള്ളുക. ഇനി നിങ്ങൾക്ക് എന്നിൽ നിന്നുള്ള മാർഗദർശനം വന്നുകിട്ടുമ്പോൾ എന്റെ മാർഗദർശനത്തെ പിന്തുടരുന്നവർ ഭയപ്പെടാനോ ദുഃഖിക്കാനോ സംഗതിയാകുന്നതല്ല" (2:38).

അല്ലാഹുവിന്റെ ഏറ്റവും ശ്രേഷ്ഠ സൃഷ്ടികളായ മനുഷ്യന് അവൻ പ്രീതിപ്പെട്ട് തന്റെ കാരുണ്യം പൂർത്തീകരിച്ചു കൊടുത്തത് ഈ അന്ത്യശാസനത്തിലൂടെയാണ്.

"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം ഞാൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തരികയും ചെയ്തിരിക്കുന്നു" (5:3).

സ്രഷ്ടാവിന്റെ ഒരു ഔദാര്യം മാത്രമാണിത്. മാനവികലോകം മുഴുവൻ അഭിമാനം കൊള്ളേണ്ട കാര്യമാണിത്. പ്രപഞ്ച സ്രഷ്ടാവിൽനിന്നു ലഭിച്ച പാരിതോഷികത്തിന് സൃഷ്ടികളുടെ അടിമത്വത്തിൽനിന്നു മോചിപ്പിച്ച് സ്രഷ്ടാ

വിന്റെ മാത്രം അടിമത്ത്വത്തിൽ കൊണ്ടു വരുന്ന വക്രതയില്ലാത്ത ശുദ്ധ സത്യദർശനമാണത്.

ഈ സമ്പൂർണ ദൈവിക മാർഗദർശനത്തെ അന്ത്യദിനം വരെ സാക്ഷ്യപ്പെടുത്തുന്നതിന് അല്ലാഹു തന്നെ അവതരിപ്പിച്ചു തന്ന മൂലരേഖയാണ് ഖുർആൻ.

"ഇതാകുന്നു സത്യവേദം. അതിൽ സംശയമേയില്ല" (2:2).

"തന്റെ ദാസന്റെ മേൽ വേദഗ്രന്ഥമവതരിപ്പിക്കുകയും അതിന് ഒരു വക്രതയും വരുത്താതെ ചൊവ്വായ നിലയിലാക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി" (18:1).

"സുവ്യക്തമായ ഗ്രന്ഥത്തിലെ വചനങ്ങളാണിത്" (26:2).

"സ്പഷ്ടമായ വേദഗ്രന്ഥം തന്നെയാണ് സത്യം" (44:2).

ഈ മാർഗദർശക ഗ്രന്ഥം വിസ്മൃതിക്കും ഭേദഗതികൾക്കും അതീതമായി കാലാകാലം അല്ലാഹുതന്നെ കാത്തു സംരക്ഷിച്ചു നിലനിർത്തും.

''തീർച്ചയായും നാമാണ് ആ ഉദ്ബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതാണ്."

## മുഹമ്മദീയ പ്രവാചകത്വം

ജനങ്ങൾക്ക് അവരുടെ സ്രഷ്ടാവാരാണെന്നും അവർ പിന്തുടരേണ്ട ദീൻ എന്താണെന്നും മനസ്സിലാക്കിക്കൊടുക്കുകയും സത്യവേദം ഓതിക്കേൾപ്പിക്കുകയും ആ വേദത്തെ സ്വജീവിതത്തിലൂടെ പ്രായോഗിക രൂപത്തിൽ പരിവർത്തിപ്പിച്ച് കാണിച്ചു കൊടുക്കുകയും ചെയ്യാൻ നിയുക്തനായ ദൈവദൂതനാണ് മുഹമ്മദ് നബി(സ). നബിയുടെ ചര്യയിലൂടെയാണ് ഓരോ മുസ്ലിമിന്റെയും യാത്ര. വിശുദ്ധ ഖുർആൻ നബി(സ)യെ പരിചയപ്പെടുത്തുന്നു: "ലോകർക്കു കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ ഞാൻ അയച്ചിട്ടില്ല" (21:107). മനുഷ്യനെ അവിശ്വാസത്തിന്റെ കൂരിരുട്ടിൽനിന്ന് പ്രകാശത്തിലേക്ക് കൈപിടിച്ചു നടത്താനാണ് അദ്ദേഹം ആഗതനായത്.

നബിയുടെ പ്രവാചകത്വകാലം മുതലുള്ള ജനങ്ങളുടെ സാക്ഷി നബി(സ) ആണ്. മുഹമ്മദ് നബി അന്ത്യപ്രവാചകനായതിനാൽ അന്ത്യനാൾ വരെയുള്ള ജനങ്ങളുടെ സാക്ഷിയാണദ്ദേഹം. സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത നൽകുമ്പോൾ തന്നെ അവിശ്വാസികൾക്ക് താക്കീതും നൽകുന്നുണ്ട്. സത്യപ്രബോധനത്തിലൂടെ അജ്ഞതയുടെയും അന്ധവിശ്വാസങ്ങളുടെയും ഇരുട്ടിനെ തുടച്ചുമാറ്റിയതിനാൽ ലോകത്തിനു പ്രകാശം നൽകുന്ന വിളക്കാണ് അദ്ദേഹം. യഹൂദ ക്രൈസ്തവ മതവിഭാഗങ്ങളുടെ കുലപതിയായ പ്രവാചകൻ ഇബ്റാഹീം(അ)യുടെ പ്രാർഥനയുടെ സാഫല്യവും ഈസാ(അ)യുടെ പ്രവചനത്തിന്റെ സാക്ഷാത്കാരവുമാണദ്ദേഹം. ഇബ്റാഹീം പ്രാർഥിച്ചു:

"ഞങ്ങളുടെ രക്ഷിതാവേ! അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്) നിന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപ്പിച്ചു കൊടുക്കുകയും വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽനിന്നുതന്നെ നീ നിയോഗിക്കേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു" (2:129).

മുഹമ്മദീയ ദൗത്യത്തെക്കുറിച്ചു ഖുർആൻ പറയുന്നു:

"അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ ദൈവിക ദൃഷ്ടാന്തങ്ങൾ വായിച്ച് കേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും അവർ വേദവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽനിന്നുതന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അല്ലാഹു. തീർച്ചയായും അവൻ മുമ്പ് വ്യക്തമായ വഴികേടിലായിരുന്നു" (62:2).

പൂർവ പ്രവാചകന്മാർ പ്രബോധനം ചെയ്ത സന്ദേശം തന്നെയാണ് മുഹമ്മദ് നബിയും പ്രബോധനം ചെയ്തത്.

"(നബിയേ) നിനക്കു മുമ്പുണ്ടായിരുന്ന ദൂതനോട് പറയപ്പെട്ടതല്ലാത്ത ഒന്നും നിന്നോടു പറയപ്പെടുന്നില്ല" (41:43).

എല്ലാവർക്കും മാതൃകയാവും വണ്ണം മഹത്വമാർന്നതും എല്ലാവർക്കും അനായാസം അനുകരിക്കാവുന്നവണ്ണം സരളവുമായിരുന്നു അന്ത്യപ്രവാചകന്റെ സ്വഭാവ ചര്യകൾ. ഖുർആൻ പറയുന്നു: "പ്രവാചകാ അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹത്താലാണ് നീ അവർക്ക് സൗമ്യശീലനായിരിക്കുന്നത്. നീ പരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റുനിന്നും ആളുകൾ പരിഞ്ഞു പോകുമായിരുന്നു" (3:159).

മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതൻ മാത്രമാണ്. ദിവ്യത്വത്തിൽ അദ്ദേഹത്തിന് യാതൊരു പങ്കുമില്ല.

"മുഹമ്മദ് അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിനു മുമ്പും ദൂതന്മാർ കഴിഞ്ഞു പോയിട്ടുണ്ട്" (3:144).

പ്രവാചകന് സ്വന്തം നിലയിൽ ആരെയും രക്ഷിക്കാനോ ശിക്ഷിക്കാനോ നേർവഴിയിൽ നടത്താനോ കഴിയില്ല. അതൊക്കെ അല്ലാഹുവിന്റെ മാത്രം കഴിവിൽ പെട്ടതാണ്.

"തീർച്ചയായും നിനക്കിഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ, അല്ലാഹു താനുദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സന്മാർഗം പ്രാപിക്കുന്നവരെപ്പറ്റി അവർ നല്ലവണ്ണം അറിയുന്നവനാകുന്നു" (28:56).

ഇസ്ലാം പരിചയപ്പെടുത്തുന്ന നബി ഇതാണ്. അദ്ദേഹം ഉപദൈവമോ ആരാധ്യനോ അല്ല. അല്ലാഹു അദ്ദേഹത്തിന് വേദവും സന്മാർഗവും നൽകി. അതനുസരിച്ച് അദ്ദേഹം നേർവഴിയിലേക്ക് പ്രബോധനം ചെയ്തു. അല്ലാഹു ഉദ്ദേശിച്ചപ്പോൾ അദ്ദേഹത്തെ തന്നിലേക്കു തിരിച്ചുവിളിച്ചു. അദ്ദേഹം സ്വന്തം നിലയിൽ അത്ഭുതങ്ങളൊന്നും കാണിച്ചിരുന്നില്ല. അല്ലാഹു അദ്ദേഹത്തിലൂടെ അവൻ ഉദ്ദേശിച്ച ദിവ്യാത്ഭുതങ്ങൾ വെളിപ്പെടുത്തുകയായിരുന്നു. വേദത്തിന്റെയും വെളിപാടിന്റെയും ദൈവം ഉദ്ദേശിച്ച ദിവ്യാത്ഭുതങ്ങളുടെയും മാധ്യമമായി എന്നതാണ് അദ്ദേഹത്തിന്റെ മഹത്വം. സ്രഷ്ടാവും വിധാതാവുമായ അല്ലാഹു മാത്രമാണ് സർവശക്തനും ആരാധ്യനും. ■

(തുടരും)